(എ) ഈ വർഷം പുതുതായി സ്ക്കൂളുകൾ അനുവദിച്ചതിന്റെ മാനദണ്ഡം എന്താണ്;

(ബി) ഓരോ വിദ്യാഭ്യാസജില്ലയിലും അനുവദിച്ച സ്ക്കൂളുകളുടെ ഇനം തിരിച്ചുള്ള വിവരം വെളിപ്പെടുത്താമോ?

(സി) ചില വിദ്യാഭ്യാസജില്ലകളെ പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസചട്ടം 5-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള മാനദണ്ഡം.

(ബി) സംഗതങ്ങളായ ഉത്തരവുകളുടെ പകർപ്പുകൾ മേശപ്പുറത്തു വച്ചിരിക്കുന്നു.‡

(സി) മനഃപൂർവ്വം യാതൊരു ജില്ലയേയും ഒഴിവാക്കിയിട്ടില്ല, പ്രഖ്യാപിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നിടത്തോളം അനുവദിച്ചപ്പോൾ ചില ജില്ലകൾ വിട്ടുപോയിരിക്കണം.

പടിഞ്ഞാറെ കല്ലട ഗവൺമെൻറ് ഹൈസ്ക്കൂൾ

9 [17] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡി.ഇ.ഒ.യുടെ പരിധിയിലുള്ള പടിഞ്ഞാറേ കല്ലട ഗവൺമെൻറ് ഹൈസ്ക്കൂളിനു നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുകയെത്രയാണ്;

(ബി) അതു ടെൻറർ ചെയ്യുവാൻ ഗവൺമെൻറ് ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുവരെയും ടെൻറർ ചെയ്യാതിരിക്കുന്നതിനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ഉടനെ ടെൻറർ ചെയ്യിച്ച് പണി തുടങ്ങുവാനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 5,25,000 രൂപ.

(ബി, സി, ഡി) എസ്റ്റിമേറ്റിന് 30-8-1979-ൽ ഭരണാനുമതി നൽകിയിട്ടേയുള്ളൂ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

---

‡ലൈബ്രറിയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly